- Onam celebration was conducted on August 21. After a formal meeting, various games for the students was organized
- Botany Association was inaugurated by Rev Fr. Sajan Joseph CMI (Botany Alumni), Principal, St. Anns HSS Kurianad
- Noon Progamme was conducted in October, 2015
- The students presented cultural programmes in their allotted slot in college auditorium as a part of Christmass celebration on December 8th 2015

# Chemistry - Association Activities



a) CHEMIQUIZ- 2016, 25th year of ChemiQuiz was celebrated on 26th Feb 2016. The event was made colourful by the 1992 BSc batch.


b) INVITED LECTURES:

[1]. Talk On 'Chemistry in Everyday Life and Our Life Style Management' by Prof. Dr. Jollyamma Mathew, Associate professor, Dept. of Chemistry, KE College Mannanam.


[2]. Talk on 'Chemistry of Spices, an Industrial Prespective' by Dr. Krishnakumar I M, General Manager, R&D Akay Flavours and Aromatics Pvt. Ltd

c) WALL MAGAZINE – articles, models and pictures


ONAM, CHRISTMAS AND KERALAPPIRAVI celebrations



Chemistry Association Inauguration



ChemiQuiz-2016




# COMMERCE ASSOCIATION

Association Activities (Quiz, debate, Invited Lectures etc Wall Magazine, Drama, Manuscript Magazine etc.)

- Merit Day of Commerce Association was celebrated on 30th June 2015 to applaud the meritorious performance of the outgoing batch in the MG University CBCSS Examination 2015. Mr. Solomon Paily who secured A plus in B.Com examination and Mr. Lithin Thomas and Ms. Kavya Ashok who passed UGC NET examination, December 2014 were honoured by the Chief Guest Dr. Joy Jacob( Retired Principal, Deva Matha College).
- Formal inauguration of Commerce Association for the year 2015-16 and 13th edition of Casus Belli, the prestigious management fest was conducted by Commerce Association on 1st August 2015. Mr. P M Kuriakose, retired IAS officer inaugurated the function. It was a full day program with a massive participation of 618 students of 38 departments from 33 colleges all around Kerala competing in 7 different events, namely, Best Manager, Corporate Survivor, Product Launch, IPL Auction, Treasure Hunt, Business Quiz and an online photography contest. Saint Gits College Pathamuttam bagged the ever rolling Trophy for their best performance.

- An Orientation programme was conducted for the First year B.Com students during 16th – 17th July 2015. Resource person for the sessions was Mr. Benson Thomas George (Director, Synergen Consultants, Cochin). A plus holder of the B.Com 2015 batch, Mr. Solomon Paily rendered a motivation talk sharing his experiences and success tips.
- Four day Finishing School session was held for final year B.com students by the department in association with Synergen Consultants, Cochin. Resource persons were Mr. Benson George and his team of experts. The students were given practical exposure to Group Discussion and Personal Interview.
- The final year students could interact with resource persons from Banking, Tourism and Hospitality sectors during the various sessions held throughout the academic year.
- The Department conducted a spiritual retreat for both B.Com and M.Com students on 11th and 12th March 2016. Christians and non-christians had separate sessions and the retreat was lead by Community FIDEI under the spiritual leadership of Rev. Fr. James Kozhimala and his team.
- Add- on course is conducted for the First year B.Com students on "Business Communication and Management Skills" designed specifically for equipping them with better soft skills to compete successfully in the competitive world.
- Bridge course is conducted for first year B.Com students from non- commerce background.
- Finesse Hunt 2014 , an intra-department commerce fest was organized during 28th January - 1st February 2016, to provide a competitive platform for the students of commerce department.

The fest had three major events; Business Quiz, Best Management team and Product Launch. Cultural show was also a part of the fest. There were teams from all the three years of B.Com and one team representing M.Com batch.

- Departmental magazine named "Illuminatus" was published in August 2015 detailing the departmental activities of the previous year. It also provided a platform for the students to exhibit their talents through reports and artistic works.
- The open hall of the college witnessed extra-ordinary cultural fiesta organized by the association during the Noon Programme. It included various programmes like music, dance, mono act, mimicry, etc.
- The gifted talents of Commerce Association decorated the Wall Magazine at the open auditorium instituted by the college in a beautiful manner.
- Many institutions and professionals visited the students for orientation and career guidance programmes. Tax Study Centre, Cochin, Globesta- Overseas Migration& Study, Career Launcher Kottayam and Logic School of Management Kochi, are some of them.
- One day workshop on Research Methodology was held for final year B.Com students on 20th November 2014. Classes were taken by Mr. Anish Thomas (Assistant Professor, Deva Matha College & Research Scholar, Research &


PG Dept. of Commerce, St. Dominics College, Kanjirappally).

- Food fest was conducted for the students of the department on 15th March 2016 with the purpose of fund raising for charity during the Christmas time.
- To ensure parents involvement in student learning and development process, PTAs are conducted regularly after in-semester exams; progress cards of students are maintained by class teachers and proficiency prizes are awarded to the meritorious students. For M.Com students along with PTA meeting, PG Fest was also conducted.
- UGC NET coaching and Bank coaching classes are conducted for enhancing the competitiveness of students.
- For building fellowship with the department and between the students and also for providing a platform for exhibiting their talents noon programme, Christmas and Onam celebrations are duly held.
- Special practice sessions on Communicative English and Group Discussion are conducted during evenings.
- Department organized a 3 day study tour to Wayanad and Ooty for final year B.Com students. Forty one students participated in the tour, accompanied by three faculty members.
- A two day tour was organized for Final year M.Com students. Eighteen students participated in the tour, accompanied by two faculty members.

**Inter- College Competitions Prize List**

| Sl.No | College | Event | Name of Students | Prize Won |
|---|---|---|---|---|
| 1 | St. Thomas College, Pala | Enter the Dragon | Antony P.Clemence<br>Devu Marijoe Michael<br>Marvin Sabu<br>Christo Jossy<br>Surjith S.<br>Jose Stephen | Second prize |
| 2 | St. Alberts College, Ernakulam | Product Launch | Antony P.Clemence<br>Devu Marijoe Michael<br>Marvin Sabu<br>Christo Jossy | Second prize |
| 3 | Saintgits Institute of Management& Applied Sciences, Pathamuttam | Marketing Game | Harikrishna V.S<br>Jebin Sunny<br>Limin Liyochen<br>Elbin George | Second Prize |
| 4 | Naipunnya School of Management, Cherthala | Best Management Team | Harikrishna V.S<br>Jebin Sunny<br>Limin Liyochen<br>Elbin George | Second Prize |

# Economics - Association




Economics - Association activities were inagurated by Dr. Baby Thomas, Director, School of Distance Education, M G University.

- Conducted Career Orientation Seminar to the final year students
- Conducted Seminar on Share Market Trading
- Arrange Budget Dicussion
- Published Manuscript called "Prathibha", 25 issue
- Distributed prizes to the winners in arts and sports fest

## Alumni Forum

- Alumni meeting for the year 2015-16 was conducted on 12/12/2015
- Sri P.M Mathew Ex MLA, the President of the alumni forum and Sri M.K Sebastian, one of the vice president of the forum belongs to the alumnus of the Economics Department



# Physics Association Activities

The students and faculty gathered and paid tribute to Dr.A.P.J Abdul Kalam on july 31,2015 on his demise.

Onam celebration was held under the auspicious of the department on August 21th. A formal meeting followed by various games for the students was organised.

After the arrival of 1st D C students,the formal inuagration of physics association was held on 10th semptember, 2015.

In the inagrual session Dr.saji Augustine,HOD gave warm welcome to everyone.Presedential address was given by Dr.Philip John,Principal.The chief geust of function, Dr.Manoj Ramavarma from NIIST CISR,Trivandrum made a talk on "oscillations in daily life". Association secretary Blesson T Sunny delivered the vote of thanks .This was followed by cultural programmes of students.

Department presented the cultural programmes in their allotted slot in college auditorium as a part of x mas celebration on December 8th and bagged 2nd price in the same. A formal meeting was held at the department where the HOD and teachers give the X mas messages.

UGC sponsored national seminar on"nanoscale science and technology "was held on 10th and 11th December ,2015'

The noon programme of association was held on January 12 ,2016. Three day tour was organised for final year students of UG on 1ST week of January to Wayanad, Mysore, Kudak.

National science day was celebrated by the department on February 28th with the inuagration of S.Shivadas,former professor of C.M.S college and writer made an inspirational talk.The department magazine focus was also released during the event. A farewell gift was given to Dr.saneesh sir for his valuable service.On the same day cash prize was given to Miss.Anu A George for being university topper.

# Zoology

## Association Activities:



a. Invited Lecture by Dr. Benno Periera (Associate Professor, St Albert's College Ernakulam on Fresh Water Fish Diversity-Threats and Conservation

b. Wall Magazine: on current scientific developments maintained by Students


c. Onam and Christmas celebrations

d. Participation Sports and Arts competitions

# Taxation Association Activities

**(Quiz, debate, Invited Lectures etc Wall Magazine, Drama, Manuscript Magazine etc**

- Feast day & freshers welcoming on 16th July 2015
- Teachers day & welcome for college council members on 4th September 2015
- Onam celebration on 21st August
- Training program on online share trading was conducted by Hedge equity
- Participation in inter college events
- Organized a quiz competition "CIVITHAS" on August 10th
- Active participation in sports and arts competition
- Christmas celebration on 8th dec.
- Research orientation classes were given by Dr. Deepu Jose Sebastian (Associate Professor and research guide, P.G dept. of commerce Devamatha college) for 2nd year students.




# Tripple Main Association Activities

**(Quiz, debate, Invited Lectures etc Wall Magazine, Drama, Manuscript Magazine etc.)**

- Despite being a new department we were able to put a mark in the collegial activities. The Association named SPEGLUO was a unified effort by B.A English (Triple Main). The Association was successfully managed by Ms. Megha Elizabeth Raju.
- A quiz competition based on Indian Freedom Struggle Movement was successfully accomplished by the active participation of the students on August 10, 2015.
- Ethnic Day Celebration 29 October, 2015.
- Teachers' Day Celebration Cultural Exchange ProgrammeTeam from Arunachal Pradesh, Don Bosco Youth Centre.
- INVITED LECTURE: Asst.Prof Thomas George Kuzhivelil delivered a lecture on the topic Literature and culture on March 18, 2016.
- Association Winding Up Ceremony And Farewell To Fr. Sebastian Pariyath.
- A debate was conducted for the students on the topic, "TRANSGENDER IS INDIAN SOCIETY BIASED?" was presided by Dr. Augustine Mathew Pullukala. (HOD, English Triple Main ) on January 22,2016.

OJT On Job Training for students. Orientation class conducted by Pradeesh Abraham, Asst Prof. Dept of Education. St. Thomas College Palai.



# ഓർമ്മയുടെ ഈതളുകൾ



ഒരു കിളിനാദം വീണ്ടും പകലിൻ
വരവറിയിക്കെ ഞാനുണർന്നീടുന്നു
വ്യാഴവട്ടങ്ങൾ വലംപിരിശംഖിന്റെ വാതി
ലിലൂടെ കടന്നുപോയ്
കായൽത്തിരയിൽ നിലാവസ്തമിച്ചു
കാറ്റിൻ കാണാത്തോണിയുലഞ്ഞു
ഒരു കുളിർത്തെന്നൽ വീശിയെത്തുന്നു
കദളിവാഴകൈ ഒന്നുലഞ്ഞു
ഓർക്കുന്നു ഞാനിപ്പോഴുമെൻ ബാല്യം
അപ്പൂപ്പൻ താടികൾ പറത്തിയ കാലം
ഒരു മയിൽപ്പീലിത്തുണ്ട് മാനം കാണാതെ
പുസ്തകത്താളിലൊളിപ്പിച്ചു വെച്ചു
വെള്ളിൽ പക്ഷികളുടെ തൂവലാണ്
അപ്പൂപ്പൻ താടിയെന്നാരോചൊല്ലി
മലമുകളിൽ തപം ചെയ്യും മുനി തൻ -
ജടയിലെ കൊഴിഞ്ഞ മുടിയെന്നു മുത്തശ്ശിയും
പോയകാലം നിലാവലമൂടിയ പാടശേഖരം പോൽ
ഓർമ്മകൾ വീണു കുമിഞ്ഞു ചീഞ്ഞും
മുളനാമ്പുകൾ പൊട്ടിമുളയ്ക്കുന്നു വീണ്ടും
പോയ്മറഞ്ഞതോ മഞ്ചാടിക്കുരു പെറുക്കിയ ബാല്യം
ഇന്നെന്റെ തൊടിയിൽ അപ്പൂപ്പൻ താടിയില്ല
പുസ്തകത്താളിൽ മയിൽപ്പീലിത്തുണ്ടുമില്ല
ചെറുവളപ്പൊട്ടുകളായി ഓർമ്മകളെൻ മനസ്സിൽ
കൂടുകെട്ടിക്കിടക്കുന്നു, തൂക്കണാംക്കുരുവികൾ പോലെ
പോയ്മറഞ്ഞതോ മഞ്ചാടിക്കുരു പെറുക്കിയ ബാല്യം
ഇന്നെന്റെ തൊടിയിൽ അപ്പൂപ്പൻ താടിയില്ല
പുസ്തകത്താളിൽ മയിൽപ്പീലിത്തുണ്ടുമില്ല.

# THE RAIN

*When the first rain drops fall*
*On the broken heart of the earth*
*I wonder if I could feel the smell of new sand*
*That touched me for something*
*Like silver stones, the rain still falls.*
*Cool and happiness are in my heart and surroundings*
*When we were meeting for the first time in the street*
*The sorrows of strangeness were changed by a feeling.*
*Do you remember? What is that?*
*A rain... this rain... that rain....*
*Like a miracle, like the sixth sense rain falls!*
*For that, for me monsoon is a feeling.*
*Where is the barrier of mind that sees some drea?ns*
*Hey! I dont know that!*
*But the rain heavily falls into my heart*
*Like your presence dear, like your holy love*
*Like the beauty of my nightingale*
*They sky cries with smile*
*Some feelings make symphony in my mind*
*Like a holy touch, the rain drops fall into my heart*
*I know there is a long distance between u*
*But we are very close together with the sound of rain.*



# ദേവമാതാ, നിനക്കായ്



ദേവമാതാ, നീയെന്നുമെന്റെ
കൂട്ടുകാരി നീയാണെന്റെയീ
മനസിലറവിന്റെ മധുനിറച്ച
ജീവനുതുല്യമാം പ്രകാശമേകിയ
രസനയ്ക്കുണർവ്വു പകർന്ന
ദേവമാതാ നീയെന്റെ കൂട്ടുകാരി,
എന്റെ ചിത്രങ്ങൾക്കു മിഴിവേകിയ
ദേവമാതാ നീയൊരുതുല്യചിത്രകാരി

അമ്മതൻ വാത്സല്യം ചൊരിഞ്ഞ
ദേവമാതാ നീയെന്നിക്കൊരമ്മ.
നീ നല്കിയോരചാര്യവൃന്ദവും
നീയേകിയ സൗഹൃദത്തിൻ
തണലുമെൻ മനസിലെന്നു-
മൊരാർദ്രമാം തലോടലായ്
വിദ്യതൻ ശ്രീകോവിലിൽ നീ
വിളങ്ങട്ടെയെന്നുമുന്നതമായ്

# സെഞ്ചുറി

കൊഴിഞ്ഞ കൺപീലിയും ശോഷിച്ച വദനത്തിൽ
നേരിട്ട യാതന മുദ്രകളും
നീണ്ടുവിടർന്നതാം നെറ്റിത്തടങ്ങളും
നെറ്റിയിൽ നിഴലിടും ഭസ്മച്ചാർത്തും
പാതിയടഞ്ഞു കുഴിഞ്ഞു തൂങ്ങിയ
ദീനത മുറ്റിയ കൺതടവും
കാലത്തിൻ കോലത്തിൽ വേഷം തിരഞ്ഞതിൽ
ക്ഷീണിച്ച, ഭാരിച്ച ഹൃത്തടവും
നശ്വരലോകത്തിനനശ്വരമാം സ്വയം
തേടിയലഞ്ഞ പരിജ്ഞാനവും.

ഭാവിയിൽ ക്ഷേമയ്ക്കായ് സുതനുണ്ടെന്നാശിച്ചു
നേടിയതെല്ലാമവർക്കു നല്കി.
പൊൻമക്കളോരോന്നായ് കൂടുവെടിഞ്ഞുപോയ്
അന്തിക്കുകൂട്ടിനുമാളില്ലാതായ്
എന്തിനും കൂട്ടായി നിന്നൊരു നാരിയു-
മൊരു നാളിലെങ്ങോ പിരിഞ്ഞുപോയി
ചിന്തകവിഞ്ഞു പുറത്തേയ്ക്കൊഴുക്കുവാൻ
നാവിനും വയ്യാത്ത കാലമായി
നാവിൽ കൊതിയൂറും സ്വാദുപദാർത്ഥങ്ങൾ
വായിനും വേണ്ടാത്ത കാലമായി
തലയുമുയർത്തി നടന്നിരുന്നോനിവൻ-
മുതുകു വളഞ്ഞിപ്പോൾ വില്ലുപോലായ്
ചിന്തയിൽ ഒരു കാര്യം വാക്കിലോ മറ്റൊന്ന്
കേൾക്കുന്നോർക്കെല്ലാം രസജനകം.
ഓർമ്മയിലായില്ല പോയ്പ്പോയ സൗഭാഗ്യ
ജീവിത സ്വന്ത സ്വപ്നങ്ങളും
രണ്ടുകാൽ മണ്ണിലുറച്ചു നടന്നോൻ ഹാ-
മുന്നിലും നില്ക്കാത്ത പ്രായമായി
സൗന്ദര്യം തന്നുടെയന്ത്യകണങ്ങളു
മെപ്പോഴോ എവിടേയ്ക്കോ പാറിപ്പോയി
എങ്കിലുമെവിടെയോ അല്പമാം സൗന്ദര്യം
ശേഷിപ്പൂ എന്നുടെയകതാരിങ്കൽ
കാലനും തന്നുടെ പാശമുപേക്ഷിച്ചു
എന്നെ മറന്നെങ്ങോ പൊയ്ക്കളഞ്ഞു
അതിനാലുമിന്നു ഞാൻ ജീവിപ്പൂ മറ്റാർക്കും
വേണ്ടാത്ത കൊള്ളാത്ത കളിപ്പാത്രമായ്
എന്റെ കൊച്ചുമക്കൾ തൻക്രിക്കറ്റു ഭാഷയിൽ
സെഞ്ചുറി നേടി ഞാൻ പ്രായത്തിലായ്
ഏതോ മഹാകവി പണ്ടെന്നോ പാടിയ
കാലനില്ലാക്കാലമിതുതാനഹോ
എങ്ങനെയെങ്കിലുമിഹലോകം വിട്ടിട്ടു
പരലോകം പൂകാനെനിക്കാഗ്രഹം
അതുമാത്രമാണെന്റെയന്ത്യാഭിലാഷവും
സകലേശാ അതിനു നീ തുണയരുളൂ.



# മിഴിനീർപ്പൂക്കൾ



അവൾ എന്നും തനിച്ചായിരുന്നു. മഴ പെയ്തുതോർന്ന ആകാശംപോലെ ശൂന്യമായിരുന്നു അവളുടെ മനസ്സ്. ഏകാന്തതയായിരുന്നു അവളുടെ കൂട്ടുകാരൻ. അവൾക്കേറ്റവും ഇഷ്ടമുള്ളതും അവനെയായിരുന്നു. പക്ഷേ ഇപ്പോൾ അവളുടെ ആ പ്രിയ കൂട്ടുകാരനും അവളെ കൈവിട്ടൊഴിഞ്ഞു. വഴിയോരങ്ങളിൽക്കൂടി ആളുകൾ കടന്നുപോകുന്നതുപോലെ പരിചയമുള്ളതും അല്ലാത്തതുമായ ഒരുപാട് മുഖങ്ങൾ അവളുടെ മനസ്സിലൂടെ കടന്നുപോയി. ആരായിരുന്നു അവളിൽ തനിക്കേറ്റവും പ്രിയപ്പെട്ടയാൾ? ഇല്ല അവൾക്കോർമ്മ കിട്ടുന്നില്ല പെട്ടെന്നാണ് ആ ചോദ്യം ഉയർന്നത്. "ഇന്നും കഴിക്കുന്നില്ലേ" അവൾക്ക് തന്റെ മുൻപിലിരിക്കുന്ന ചോറുപാത്രത്തെക്കുറിച്ചോർമ്മ വന്നതപ്പോഴാണ്. നിർവികാരതയോടെ അവൾ അതിലേയ്ക്കൊന്നു നോക്കി. "എന്താ...വേണ്ടേ?" അവൾ ആ ചോദ്യം കേട്ടില്ല. എങ്കിലും അവൾ മറുപടി പറഞ്ഞു. "വേണ്ട". വന്നയാൾ ആ ഭക്ഷണപാത്രം എടുത്തുകൊണ്ടുപോയി.

അവൾ വീണ്ടും തന്റെ പഴയ ഓർമ്മകളിലേയ്ക്ക് തിരിഞ്ഞു. അവളുടെ ചിന്തകൾ അതിന്റെ വിശാലമായ പുൽമേടുകളിൽ മെല്ലെ പറന്നിറങ്ങി. അവൾ തന്റെ പഴയകാലം ഓർമ്മിക്കുകയായിരുന്നു. തന്റെ കുട്ടിക്കാലം, കൂട്ടുകാരുമൊത്ത് കളിച്ചുനടന്നതിന്റെ നല്ല ഓർമ്മകൾ. തന്റെ ജീവിതത്തിലെ ഏറ്റവും രസംനിറഞ്ഞ ബാല്യകാലം, അവളതെല്ലാം ഓർമ്മിച്ചെടുക്കുകയായിരുന്നു. കളങ്കമില്ലാത്ത ആ കാലത്ത് അവൾക്ക് തന്റെ കൂട്ടുകാരെയും സഹപാഠികളെയും വിട്ടുപിരിയേണ്ടിവന്നു. ആ വേർപാട് മനസ്സിൽ സൃഷ്ടിച്ച ആഘാതം, അതിന്റെ വലിപ്പം എത്രത്തോളമായിരുന്നുവെന്ന് മനസ്സിലാക്കുവാൻ അവളുടെ ഡാഡിക്കും മമ്മിക്കും കഴിഞ്ഞില്ല. കാരണം അവർക്കവരുടേതായ ലോകമുണ്ടായിരുന്നു. അങ്ങനെയാണ് ഏകാന്തത അവളുടെ കൂട്ടുകാരനായത്. അവൾ അവനെ ഏറെ സ്നേഹിച്ചു. അവരുടെ ആ കൂട്ടുകെട്ട് വളർന്നു. അപ്പോഴാണ് അവരുടെ ഇടയിലേയ്ക്ക് മനുവിന്റെ കടന്നുവരവ്. മറ്റാരെക്കാളും തന്നെ മനസ്സിലാക്കുവാൻ മനുവിന് കഴിയുമെന്ന തിരിച്ചറിവ് അവളെ അവനോട് കൂടുതൽ അടുപ്പിച്ചു. അവളുടെ സ്വപ്നങ്ങൾക്ക് നിറംവെച്ചു. അങ്ങനെ, ആ പഴയ കൂട്ടുകാരൻ അവൾക്ക് അന്യനായിത്തീർന്നു. പക്ഷേ അവളിൽ വിരിഞ്ഞ ആ പുതിയ സ്വപ്നങ്ങൾ വെറും നീർക്കുമിളകൾ മാത്രമായിരുന്നു. തന്റെ പ്രതിഷേധങ്ങളെ തകിടംമറിച്ച് ഡാഡിയും മമ്മിയും അവളെ മറ്റൊരു കോളേജിലേയ്ക്ക് മാറ്റി. അവളുടെ മനസ്സിന് ഒരിക്കലും അംഗീകരിക്കുവാൻ കഴിയുന്നതായിരുന്നില്ല അത്. "ഇല്ല"... അവൾ അലറിനിലവിളിച്ചു. പക്ഷേ അവളുടെ മാതാപിതാക്കൾക്ക് അവളുടെ മനസ്സ് കാണാൻ കഴിഞ്ഞില്ല. അവർ അവരുടെ തീരുമാനം മാറ്റാൻ കൂട്ടാക്കിയില്ല. അവളും മനുവും തമ്മിൽ താൽക്കാലികമായി വേർപിരിഞ്ഞു എങ്കിലും അവർ തമ്മിലുള്ള ബന്ധം കത്തുകളിലൂടെയും ഫോൺവിളികളിലൂടെയും തുടർന്നു. ഒടുവിൽ തന്നെ കാണാൻ അവൻ വരുന്നു എന്ന വാർത്ത അവളിൽ പുത്തനുണർവ്വുണ്ടാക്കി. കാർമേഘം കണ്ട മയിലിനെപ്പോലെ അവളുടെ മനസ്സ് സന്തോഷം കൊണ്ടു നിറഞ്ഞു. അവൻ വരുന്ന ദിവസത്തിന് വേണ്ടി അവൾ കാത്തിരുന്നു. അങ്ങനെ അവൾ കാത്തിരുന്ന ആ ദിനം വന്നെത്തി. അന്നവൾ പതിവിലും സുന്ദരിയായി അണിഞ്ഞൊരുങ്ങി. പക്ഷേ അവളെ തേടിയെത്തിയ വാർത്ത മറ്റൊന്നായിരുന്നു. വരുന്ന വഴിയിൽ ഒരാക്സിഡന്റിൽ തന്റെ മനു...

ആ വാർത്ത, ആ യാഥാർത്ഥ്യം, അതവൾക്ക് ഒട്ടും അംഗീകരിക്കുവാൻ കഴിയുമായിരുന്നില്ല. പതിയെപ്പതിയെ അവൾ നിലയില്ലാക്കയത്തിലേക്ക് വീണു. അതിന്റെ ആഴങ്ങളിൽ അവളെ കാത്തിരുന്ന സ്വീകരണം അവളേറ്റു വാങ്ങി.

ആ ഏകാന്തതയിൽ നിന്ന് അവൾ നിറങ്ങളില്ലാത്ത ലോകത്തിലേക്ക് ചേക്കേറി. അവിടെ അവൾക്ക് സ്വപ്നങ്ങളില്ലായിരുന്നു... അവിടെ അവൾക്ക് അവൾ തന്നെ അന്യയായിരുന്നു.

തെറ്റുതിരുത്തലിന്റെ നൊമ്പരവുമായി വന്ന മാതാപിതാക്കളെ അവൾ ഒരുവേള തിരിച്ചറിഞ്ഞു. പക്ഷേ— അപ്പോഴേയ്ക്കും എല്ലാം... ■



# ഭാരതമാതാ

കാപട്യമില്ലാത്ത കരിനിഴൽ വീഴാത്ത
കാലമായിരുന്നുയുഗങ്ങൾക്കുമപ്പുറം
മന്വന്തരങ്ങളായ് നാം കേട്ട പല്ലവി
ഇന്നുമെന്നിടനെഞ്ചിൽ പെരുമ്പറകൊട്ടുന്നു
ഭാരതമെന്റെ നാടാണ്; ഈ ഭാരതമെന്റെ നാടാണ്
എന്നുച്ചരിച്ചുനാവുകൾ കുഴയുന്നു
എന്താണിതിനുകാരണം. ചിന്തിക്കു മർത്ത്യാ
സ്വാർത്ഥമോഹങ്ങളിൽപ്പെട്ടുഴലുന്ന മർത്ത്യാ
ഭ്രാന്തമായ് തീരുന്ന കാഴ്ച നാം കാണുന്നു.
എന്താണിതിനു കാരണം ലോകമേ നീ ചൊൽവു
ഭീകര രാഷ്ട്രീയക്കാരുടെ കരാളഹസ്തത്തിൽ
പെട്ടുഴലുന്നോർ സാധുമർത്ത്യർ
മതതീവ്രത്വത്തിൻ പുകമറ സൃഷ്ടിച്ചു
ചിരിപ്പിച്ചു വധിക്കുന്ന നീരാളികൂട്ടങ്ങൾ
ഭീകരരാഷ്ട്രീയമാകുന്ന നീരാളിയിൽ നിന്നു
മോചിതരാകുന്ന കാലം വരുമോ.
സാഹോദര്യം പാടേ ഹനിക്കുന്ന
മർത്യനും മർത്യനും വെട്ടിമരിക്കുന്നു.
ഇതെന്തിനാണെന്നു ചൊൽക മർത്യാ നീ-
നിൻ കണ്ണീരിനർത്ഥമുണ്ടാകുമോ ലേകമേ
അച്ഛനുമമ്മയും മക്കളുമൊന്നായി
ട്ടുല്ലാസകാലമിന്നോർമ്മയിൽ മാത്രം
ക്രിസ്തുവുംബുദ്ധനും നബിയുമന്നോതിയ
സത്യമന്വർത്ഥമാകുന്ന കാലം വരുമോ
ഇത്രയും ദു:ഖങ്ങൾ ഉള്ളിലൊതുക്കുന്ന
ഭാരതമാതാ നിന്നെ ഞാൻ നമിക്കുന്നു.



# ഒരു വിരുന്നുകാരന്റെ അന്ത്യം

സന്ധ്യമുതൽ സുഗന്ധി കാത്തിരിക്കുകയാണ് അവന്റെ വരവിനായി. നേരത്തേതന്നെ വീട്ടുജോലികളെല്ലാം ചെയ്തുതീർത്ത് അവന്റെ വരവിനെയും കാത്ത് എത്രനേരമായി. പേടിക്കേണ്ട കാര്യമൊന്നുമില്ല. അവൻ വരേണ്ട സമയം ആകുന്നതേയുള്ളൂ. പക്ഷെ ഇന്നെന്തോ അവനെ നേരത്തെ കാണുവാനും അവന്റെ സാമീപ്യം അനുഭവിക്കുവാനുമുള്ള മോഹം അവളെ ക്ഷമയില്ലാത്തവളാക്കി മാറ്റി. ഘടികാരത്തിൽ പെൻഡുലം എട്ടടിച്ചു. സുഗന്ധി ഞെട്ടി ജനാലയ്ക്കരുകിലേയ്ക്കു പോയി. ഇതുവരെ അവൻ വന്നില്ല. ഇന്ന് പതിവിലും വൈകിയിരിക്കുന്നു. കള്ളൻ, എന്നെ പറ്റിക്കുകയാവും, അവൾ മനസ്സിൽ കരുതി. പുറത്ത് ചെറിയതോതിൽ ചാറ്റൽ മഴയുണ്ടായിരുന്നു. അവൾ മഴയിൽ കുതിർന്ന ഭൂമിയെനോക്കി ഇങ്ങനെ എത്രയെത്ര മഴയാണ് ഉറക്കമില്ലാത്ത രാത്രികളിൽ അവളെ കരയിപ്പിച്ചിരിക്കുന്നത്. പക്ഷെ ഇന്നതുപോലല്ല. ഇന്ന് അവൾക്ക് സുഖമായൊന്നുറങ്ങണം. ഇന്ന് അവൾക്കുവേണ്ടിയാണ് മേഘങ്ങൾ മാരിചൊരിയുന്നത് എന്നവൾ കരുതി. സുഗന്ധിയുടെ ക്ഷമവീണ്ടും നശിച്ചു. അവൾ അക്ഷമയോടെ മേശപ്പുറത്തു വച്ചിരുന്ന ചെറിയപൊതിയിൽ കണ്ണും നട്ടിരുന്നു കള്ളൻ... അവൻ വന്നാലുടനെ എനിക്കതു നല്കണം. അതു കാണുമ്പോൾ എന്തായിരിക്കും അവന്റെ പ്രതികരണം? അവൾ വികാരംകൊണ്ട് പുളകിതയായി. പക്ഷെ, അതിനുമുമ്പ് ഉറങ്ങിപ്പോയാൽ.... ഇല്ല, അതുസാരമില്ല, അവൾ ആശ്വസിച്ചു. വന്നാലുടൻ അവൻ മൂളിപ്പാട്ട് പാടാറുള്ളതല്ലേ? ചെവിയിൽ വന്നുള്ള ആ മൂളൽ അതുകേട്ടാണല്ലോ അവൾ ഉണരുന്നത്.

ജനാലയ്ക്കരികിൽ നിന്നും വന്ന ഇളംകാറ്റ് മുഖം മറഞ്ഞു കിടന്ന അളകങ്ങളെ കേശങ്ങളുടെ ഇടയിലേയ്ക്കു ചേർത്തു. തണുത്തുറഞ്ഞ ഭൂമിയിൽ നിന്നുമുള്ള സ്നിഗ്ധമായ കാറ്റ് അവളെ തലോടി. അവൾ നിദ്രയിലേയ്ക്ക് വഴുതി വീണു. കാറ്റേറ്റ് ജനാലകൾ അടഞ്ഞുതുറന്നു കൊണ്ടിരുന്നു. ഞൊറിഞ്ഞിട്ട തുകിലുകൾ ആടിയുലഞ്ഞു കൊണ്ടിരുന്നു. അതാ... അവൻ വന്നിരിക്കുന്നു. സുഗന്ധിയുടെ 'വിരുന്നുകാരൻ' സുഗന്ധിയുടെ കാതിൽ നേരിയ മൂളിപ്പാട്ടിന്റെ മുഴക്കം. അവന്റെ സ്പർശം അവളുടെ നാഡികളിലൂടെ അതിവേഗം സഞ്ചരിച്ചു. സുഗന്ധി ഞെട്ടിയുണർന്നു. അതെ... അവൻ വന്നിരിക്കുന്നു. അവനെ തന്റെ കരവലയത്തിനുള്ളിലാക്കുവാൻ അവളാശിച്ചു. അതിനായി വെമ്പുന്ന ഭുജങ്ങളെ അവൾ നിയന്ത്രിച്ചു നിർത്തി. നർത്ത പുഞ്ചിരിയോടെ അവൾ അവനെ കിടപ്പറയിലേയ്ക്കാനയിച്ചു. അവളോടൊട്ടിച്ചേർന്ന് അവനും അവിടെയെത്തി.

കിടപ്പറയിലെല്ലാം നേരത്തെതന്നെ ഒരുക്കിവച്ചിരുന്നു. നിറഞ്ഞ പുഞ്ചിരിയോടെ അവൾ കട്ടിലിലിരുന്നു. കട്ടിയുള്ള പുതപ്പുകൊണ്ട് അവൾ ശരീരത്തെ പകുതിമൂടി. മേശപ്പുറത്തുവച്ചിരുന്ന ചെറിയ പൊതി അവൾ മെല്ലെത്തുറന്നു. അവളതെടുത്ത് അരികിലുള്ള പ്ലഗ്ഗിൽക്കുത്തി. അന്ധകാരത്തിൽ ജ്വലിച്ചുനിന്ന ടേബിൾലാമ്പ് അവൾ മെല്ലെയണച്ചു. രാത്രിയുടെ നിശബ്ദതയിൽ അവന്റെ മൂളൽ അവിടെ അസ്തമിച്ചു. പകുതിപുതച്ചപുതപ്പ് മുഖംമൂടെ മറച്ച് സുഗന്ധിയങ്ങനെ സുഖമായി ഉറങ്ങിത്തുടങ്ങി. പിന്നീടൊരിക്കലും ഒരു വിരുന്നുകാരനും രാത്രിയിൽ അവളുടെ ഉറക്കത്തെ ഭംഗപ്പെടുത്തുവാനായി അവിടെ ഉരിച്ചില്ല. കാരണം ഇപ്പോഴും അവളുടെ പ്ലഗ്ഗിൽ 'ഗുഡ്നൈറ്റ് വേപ്പൊറൈസർ' പ്രവർത്തനക്ഷമമാണ്.

# തീരാദുഃഖം




അറിയില്ലെനിക്കിന്നീ ലോകത്തിൽ അവസ്ഥ
അതുശോകമോ ആനന്ദമോയെന്നുമറിയില്ല
എൻ മനസ്സെന്തിനു പിടയ്ക്കുന്നു അതുമറിയില്ല
ഇന്നീ ലോകത്തിൽ നെടുവീർപ്പു കേൾക്കുന്നു ഞാൻ
കാണുന്നു പൊട്ടിച്ചിതറിയ മനസുകളും
അറിയുന്നു ഞാനാ സ്നേഹത്തിൽ
തെളിനീരുറവ നിലയ്ക്കുന്ന നിമിഷം
എൻ മനസ്സിൻ താളം പിഴയ്ക്കുന്നു
കാണുന്നു ഞാനിന്നീ ഒട്ടിയ വയറുകളും ഗദ്ഗദങ്ങളും
പല ജീവനാളങ്ങളിന്നീ മണ്ണിൽ ചിറകറ്റ് കൊഴിയുന്നു
അറിയുന്നു ഞാനിന്നീ കടലമ്മതൻ ആർത്തിരമ്പുന്ന രോഷവും
കടൽപക്ഷികൾ തൻ നൊമ്പരങ്ങളും
അറിയില്ലെൻ മനമെന്തിനു ശോകമയമാവുന്നു
എൻ മനസിലിന്നു ചീറിപ്പായുന്ന മരണത്തിൻ
മുഴക്കം നിറയുന്നു
ഇന്നീ കാടുകൾ തൻ മർമ്മരം എവിടെ പോയൊളിച്ചു
ആ തരുപക്ഷിമൃഗാദികൾ തൻ കരളലിയിക്കുന്ന
നൊമ്പരം അതു മാത്രം ഞാനിന്നു കേൾക്കുന്നു.
ആ കളകളാരാവം പൊഴിക്കുമരുവിയിന്നിതാ വറ്റിയ
നാവുമായ് തളർന്നുറങ്ങുന്നു
മരുഭൂമിപോൽ വിണ്ടുകീറുമീ മനസിനെന്നു
ലഭിക്കുമൊരു ജലബിന്ദു
എന്തിനാണെന്റെയീ ദുഖം അറിയില്ല....
ഇന്നീ ലോകത്തിൽ തകരുന്ന ഹൃദയം അതുമാത്രം
ഞാനറിയുന്നു.

# How Good if....

.\Now Good if
We all lived in peace
No weapons, no destruction
There won't be blood on the streets
No need for reconstruction
How good if,
We learn to live and share
Shall have joy and laughter
Which are far and rare
Some of my brothers sleep hungry
This is what makes me angry
We have more than what we need
Come on tel's stop this greed.
How good if
Children would not have to beg
If childhood was not in labour spent
If the joyful days of youth
Will not be original by drugs.

How good if,
Some day, sometime we realize
What we are paying for
.Is not worth the prize
How good if
Our mother INDIA
Live with an Islamic body
A Hindu Vision
A Sikh, Buddhist, Jain heart
A Parsi intellect, a Jewish will
And a Christian spirit
N.B. islamic body . Discipline, fellowship
Hindu Vision . Sense of sacred, Universal vision.
Sikh, Buddhist, Jain heart .
Courage, Compassion, Non . Violence
Parsi intellect . Enterprise and creativity
Jewish will . Respect for law.
Christian Spirit . Forgiveness, self sacrificing love





# The Lost Drops

It was raining. As usual I reached the college early. There was nearly an hour left for our classes to start. The class rooms and the corridor were all vacant. I was all alone and so it was one of those rare chances that I got to spend with myself. Standing at the corridor, I watched the rain. Pitter Patter Pitter Patter the drops fell. A small pool had formed in the garden in front. As I looked up I saw the dark clouds from where the drops came. Down and Down and Down they came and then fell in that clear pool. I went near the pool to search for those drops. But alas! my search went awry. I couldn't find them. They had already lost their identity. My heart ached. I don't know why Perhaps Perhaps for those lost drops. The bell rang and my classes started. I lost myself amidst my books and works. But now my heart didn't ache for me for myself, getting lost. In fact, I was not even aware of it. Time slipped away and the evening bell rang. We hurried back home, still lost among the crowd. The rain had already stopped. I don't recall exactly when. The sun was shining. Suddenly I happened to look into the garden just to find that the pool had vanished. Once again my heart ached. I don't know why... Perhaps for those lost drops!

After that, whenever it rains, I (still lost among the crowd) search for those drops. But each time, I see nothing other than a stranger's reflection, whom I know not gazing at me. Again, and again my heart aches. I don't know why perhaps for those lost drops!

ഇവിടെ
അക്ഷരങ്ങൾ അവസാനിക്കുകയാണ്,
അഗ്നിയുടെയും മരുഭൂമിയുടെയും
മധ്യത്തിലേയ്ക്ക് ഈ താളുകൾ സമർപ്പിക്കുന്നു.
എത്രകണ്ട് പൂർണ്ണമാണെന്ന് അറിഞ്ഞുകൂടാ..
പക്ഷേ...
നിസ്സാരമായി താളുകൾ മറിക്കുമ്പോൾ ഓർക്കുക...
അക്ഷരങ്ങളുടെ മുമ്പിൽ, അവയുടെ പിറവിക്കുവേ,
ആത്മാർത്ഥമായി വേദനിച്ചവരുടെ വിയർപ്പുകണങ്ങളാണ്
അവയ്ക്ക് രൂപം നൽകിയതെന്ന്.
പടുത്തുയർത്തിയ അക്ഷരഗോപുരം തകർന്നുവീഴുമ്പോഴും
മനം മടുക്കാതെ ക്ഷമയോടെ വീണ്ടും വീണ്ടും
അവയ്ക്കു രൂപം നൽകാൻ ശ്രമിച്ചവർ...
അദ്ധ്യാപകർ, സുഹൃത്തുകൾ...
അങ്ങനെ എല്ലാവരെയും
കൃതജ്ഞതയോടെ സ്മരിക്കുന്നു.

# തുടർച്ചയായി അഞ്ചാം തവണയും ദേവമാതാ കോളജിന് യോഗാ ചാമ്പ്യൻഷിപ്പ്


















# DEVA MATHA COLLEGE

KURAVILANGAD
Affiliated to Mahatma Gandhi University
Kottayam District, Kerala-686 633
Ph : 04822-230233, 232951, Fax: 04822-232951
Website: www.devamatha.ac.in, E-Mail: principaldmck@gmail.com